**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5589** **08-07-2024 - ൽ മറുപടിയ്ക്ക്**

**കെ-ഫോൺ പദ്ധതിയുടെ നേട്ടങ്ങളും നൽകിയ കണക്ഷനുകളും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ. എ. രാജ,<br>ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കെ-ഫോൺ പദ്ധതിയുടെ നേട്ടങ്ങൾ വിവരിക്കാമോ; | (എ) | കെ-ഫോൺ പദ്ധതിയുടെ ഭാഗമായി 21615 ഓഫീസുകളിൽ/ സ്ഥാപനങ്ങളിൽ ഇന്റർനെറ്റ് കണക്ഷൻ നൽകി. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 5185 കുടുംബങ്ങൾക്ക് സൗജന്യമായി കെ-ഫോൺ കണക്ഷൻ നൽകിയിട്ടുണ്ട്. കൂടാതെ, 12,961 ഉപഭോക്താക്കൾക്ക് വാണിജ്യ അടിസ്ഥാനത്തിലുള്ള കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) | പദ്ധതിയുടെ ഭാഗമായി എത്ര നിയോജകമണ്ഡലങ്ങളിൽ കെ-ഫോൺ കണക്ഷനുകൾ ഇതിനകം നൽകിയിട്ടുണ്ടെന്നും എവിടെയെല്ലാം കണക്ഷൻ നൽകാനുള്ള സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | (ബി) | കെ-ഫോൺ പദ്ധതിയുടെ ഭാഗമായി എല്ലാ നിയോജക മണ്ഡലങ്ങളിലും ഇന്റർനെറ്റ് കണക്ഷൻ നൽകുകയും കണക്ഷൻ നല്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | ഈ പദ്ധതിയുടെ ഭാഗമായി എത്ര വീട്ടുകൾക്കും ഓഫീസുകൾക്കും സ്കൂളുകൾക്കും ഇതുവരെ കണക്ഷൻ നൽകാൻ കഴിഞ്ഞിട്ടുണ്ടെന്ന് അറിയിക്കുമോ; | (സി) | കെ-ഫോൺ പദ്ധതിയുടെ ഭാഗമായി 13,300 ഓഫീസുകൾക്കും 3315 സ്കൂളുകൾക്കും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 5185 കുടുംബങ്ങൾക്ക് സൗജന്യമായും 12,961 ഉപഭോക്താക്കൾക്ക് വാണിജ്യ അടിസ്ഥാനത്തിലും കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത പദ്ധതി അതിവേഗം പൂർത്തീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ഡി) | കെ-ഫോൺ പദ്ധതി സമയബന്ധിതമായി നടപ്പാക്കുന്നതിനായി ലോക്കൽ നെറ്റ് വർക്ക് പ്രൊവൈഡർമാരെ പദ്ധതിയുടെ ഭാഗമാക്കുന്ന നടപടി സ്വീകരിച്ചു വരികയാണ്. വാണിജ്യ കണക്ഷനുകൾ ലോക്കൽ നെറ്റ് വർക്ക് പ്രൊവൈഡർമാർ മുഖേനയാണ് നൽകി വരുന്നത്. കണക്ഷൻ ലഭ്യമായ സർക്കാർ ഓഫീസുകളിൽ കെ-ഫോൺ പ്രാഥമിക കണക്ഷനായി ഉപയോഗിക്കാനുള്ള കർശന നിർദേശം സർക്കാർ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ